# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## കൃഷി സിഞ്ചായി യോജന

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 403

20-03-2018-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ബി.ഡി. ദേവസ്സി**<br>**ശ്രീ. കെ.വി.വിജയദാസ്**<br>**ശ്രീ. എം. സ്വരാജ്**<br>**ശ്രീ. കാരാട്ട് റസാഖ്** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നീർത്തട പരിപാലനത്തിനായി പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന-നീർത്തട ഘടകം പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | 2015-16 സാമ്പത്തിക വർഷം മുതൽ കേന്ദ്ര സർക്കാർ പുതുതായി ആവിഷ്കരിച്ച പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (പി.എം.കെ .എസ്.വൈ) എന്ന ബൃഹദ് പദ്ധതിയുടെ നീർത്തട പരിപാലന ഘടകത്തിൽ ഉൾപ്പെടുത്തി മണ്ണ് , ജലം , ജൈവ സമ്പത്ത് എന്നീ പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിന് ആവശ്യമായ പ്രവൃത്തികളാണ് തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്നത്. ഇതിൻ പ്രകാരം നീർത്തടങ്ങളിലെ പ്രകൃതി വിഭവ സംരക്ഷണത്തിനും നീർച്ചാലുകളുടെ പരിരക്ഷയ്ക്കും കുളങ്ങൾ, ഉറവകൾ തുടങ്ങിയ ജലസ്രോതസ്സുകളുടെ പുനരുദ്ധാരണത്തിനും നിർമ്മാണത്തിനും പരിപാലനത്തിനും ആവശ്യമായ പ്രവൃത്തികളാണ് പി.എം.കെ. എസ്.വൈ നീർത്തട ഘടകത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്നത് . |
| (സി) | പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; | (സി) | പദ്ധതിയിലെ നീർത്തട ഘടകത്തിന്റെ നിർവ്വഹണ ചുമതല സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പിനാണ് നൽകിയിട്ടുള്ളത് |

| | | | |
|---|---|---|---|
| (ഡി) | 2017-18 സാമ്പത്തിക വർഷം ഈ പദ്ധതി പ്രകാരം എത്ര കോടി രൂപയുടെ പ്രോജക്ടുകൾക്കാണ് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുള്ളത്; | (ഡി) | 2017-18 സാമ്പത്തിക വർഷം പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (നീർത്തടഘടകം) പദ്ധതിക്കായി കേന്ദ്രവിഹിതമായി 17.31 കോടി രൂപയും സംസ്ഥാന വിഹിതമായി 11.539 കോടി രൂപയും അനുവദിച്ചിട്ടുണ്ട് . ഇതുപ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ ആകെ 28.849 കോടി രൂപയാണ് അനുവദിച്ചത് . |
| (ഇ) | പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ ഹരിത കേരളം മിഷൻ,ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയുമായി സംയോജിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ഇ) | പി.എം.കെ.എസ്.വൈ പദ്ധതിയുടെ പ്രവർത്തനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പ്രവർത്തിയുമായി സംയോജിപ്പിച്ചുകൊണ്ട് നടപ്പിലാക്കുന്നുണ്ട്. തോട് നവീകരണം, കുളം നവീകരണം , തടയണ നിർമ്മാണം, തട്ടുതിരിക്കൽ, കൊണ്ടൂർ ബണ്ടുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പ്രവർത്തിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കി വരുന്നു . സാധന ഘടകം (Material component) പി.എം.കെ.എസ്.വൈ-യിലും വേതന ഘടകം (Labour component) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലും ഉൾപ്പെടുത്തിയാണ് സംയോജനം നടത്തുന്നത്.<br>പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന-പദ്ധതിക്കായി ജില്ലാ തലങ്ങളിൽ തയ്യാറാക്കിയിട്ടുള്ള ജില്ലാ ഇറിഗേഷൻ പ്ലാനു (DIP) കളിൽ പെടുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമായ പ്രവൃത്തികൾ ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്ത് വരുന്നുണ്ട് . ഇതിനു പുറമെ , PMKSY യ്ക്ക് മുന്നോടിയായി നിലവിലുണ്ടായിരുന്ന IWMP പദ്ധതിയുടെ DPR കളിൽ അവശേഷിച്ചിരുന്നവയിൽ അനുവദനീയമായിട്ടുള്ള പ്രവൃത്തികൾ |

| | | | |
|---|---|---|---|
| | | | ഏറ്റെടുത്ത് വരുന്നു.<br>സംസ്ഥാനത്ത് ശുചിത്വ മാലിന്യ സംസ്കരണം, സുസ്ഥിര കൃഷി വികസനം, ജല വിഭവ സംരക്ഷണം എന്നിവ ലക്ഷ്യമിട്ടാണ് ഹരിത കേരളം മിഷൻ രൂപീകരിച്ചിട്ടുള്ളത്. ഹരിത കേരളം മിഷനിൽ ഉൾപ്പെടുത്തിയാണ് **PMKSY** പദ്ധതിയുടെയും **MGNREGS**-ന്റെയും മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ ഏറ്റെടുക്കുന്നത്. |

**സെക്ഷൻ ഓഫീസർ**